# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:89 — 07.02.2013 - ൽ മറുപടിക്ക്

## സ്വകാര്യ പങ്കാളിത്തംവഴി കുടിവെള്ള വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. മാത്യു റ്റി.തോമസ്<br>ശ്രീ. സി.കെ. നാണു | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള വിതരണത്തിനായി സ്വകാര്യ പങ്കാളിത്ത കമ്പനി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) നമ്പർ 103/2012/ഡബ്ല്യു.ആർ.ഡി തീയതി 31.12.2012 പ്രകാരം സിയാൽ മാതൃകയിൽ കുടിവെള്ള വിതരണത്തിനായി ലിമിറ്റഡ് കമ്പനി രൂപീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത കമ്പനിയുടെ ഘടന എന്താണെന്ന് വിശദമാക്കാമോ; | (ബി) സർക്കാർ ഉത്തരവു പ്രകാരം കേരള സർക്കാറിന്റെ ഇക്വിറ്റി 26% വും (₹2.6 കോടി) കേരള വാട്ടർ അതോറിറ്റിയുടെ ഇക്വിറ്റി 23% വും ബാക്കിയുള്ളത് സ്വകാര്യ സെക്ടറുകളുടേതുമായി നിർദ്ദേശിച്ചിട്ടുണ്ട്.<br>ജലവിഭവ വകുപ്പു മന്ത്രി ചെയർമാനായുള്ള ഡയറക്ടർ ബോർഡിൽ പ്രിൻസിപ്പൽ സെക്രട്ടറി (ജലവിഭവം), സെക്രട്ടറി (ഫിനാൻസ്), സെക്രട്ടറി (തദ്ദേശസ്വയംഭരണം), വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, കമ്പനിയുടെ ചീഫ് എക്സിക്യൂട്ടീവ് (മാനേജിംഗ് ഡയറക്ടർ), വാട്ടർ അതോറിറ്റി ബോർഡ് നിർദ്ദേശിക്കുന്ന ഒരു സീനിയർ എഞ്ചിനീയർ എന്നിവർ അംഗങ്ങളും മൂന്ന് കോടിയിൽ കൂടുതൽ വിഹിതമുള്ള ഷെയർ ഹോൾഡർമാരും ഉണ്ടായിരിക്കുന്നതാണ്. |
| (സി) കേരള വാട്ടർ അതോറിറ്റി എന്ന സ്ഥാപനം നിലവിലുള്ളപ്പോൾ കുടിവെള്ള വിതരണ മേഖല സ്വകാര്യവൽക്കരിക്കുവാനുള്ള നീക്കം പൊതുജനങ്ങളുടെ താത്പര്യങ്ങൾക്ക് വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പ്രവർത്തനങ്ങൾക്ക് ഭംഗം വരാതെയായിരിക്കും കമ്പനി പ്രവർത്തിക്കുന്നത്. |
| (ഡി) കുടിവെള്ളം വാണിജ്യവൽക്കരിക്കപ്പെടാതിരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) വാണിജ്യവൽക്കരിക്കപ്പെടാതിരിക്കുവാൻ നടപടികൾ നിലവിലുണ്ട്. (കേരള ജല അതോറിറ്റി, ജലനിധി, സ്വജൽധാര) |

സെക്ഷൻ ഓഫീസർ

8